**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2590** **13-02-2024 - ൽ മറുപടിയ്ക്ക്**

**ജില്ലാ ധനകാര്യ പരിശോധനാ ഉദ്യോഗസ്ഥരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 22.02.2017-ലെ സ.ഉ.(കൈ) നം. 563/ 2017/ധന നമ്പർ ഉത്തരവിന്റെയും ജില്ലാ ലോൺ റീകൺസിലിയേഷൻ ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട 17.01.1992-ലെ 546660/ഭരണം എ2 /1991/ധന നമ്പർ ഓഫീസ് ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 22.02.2017-ലെ സ.ഉ.(കൈ) നം. 563/ 2017/ധന നമ്പർ ഉത്തരവിന്റെ പകർപ്പും, ജില്ലാ ലോൺ റീകൺസിലിയേഷൻ ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട 17.01.1992-ലെ 546660/ഭരണം എ2 /1991/ധന നമ്പർ ഓഫീസ് ഉത്തരവിന്റെ അംഗീകരിച്ച കരടിന്റെ പകർപ്പും അനുബന്ധം -1 ൽ ചേർക്കുന്നു. |
| (ബി) | 22.02.2017-ലെ സ.ഉ.(കൈ) നം. 563/ 2017/ധന നമ്പർ ഉത്തരവിൽ സ്ത്രീ ശാക്തീകരണം, ലിംഗനീതി എന്നീ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അട്ടിമറിക്കുന്ന വ്യവസ്ഥകൾ/വാക്കുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരം ലിംഗവിവേചനം പ്രകടിപ്പിക്കുന്ന വ്യവസ്ഥകൾ/വാക്കുകൾ പ്രസ്തുത ഉത്തരവിൽ നിന്നും നീക്കം ചെയ്ത് ജില്ലാ ധനകാര്യ പരിശോധന ഉദ്യോഗസ്ഥരുടെ നിയമനത്തിനായി ലിംഗഭേദമില്ലാതെ ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസർമാരുടെ പൊതു സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | 22.02.2017-ലെ സ.ഉ.(കൈ) നം. 563/ 2017/ധന നമ്പർ ഉത്തരവിൽ സ്ത്രീ ശാക്തീകരണം, ലിംഗനീതി എന്നീ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അട്ടിമറിക്കുന്ന വ്യവസ്ഥകൾ/ വാക്കുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>22.02.2017-ലെ സ.ഉ.(കൈ) നം. 563/2017/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസർമാരെ ലിംഗഭേദമന്യേയാണ് ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാരായി നിയമിച്ച് വരുന്നത്. ആയതിൽ സ്ത്രീകളായിട്ടുള്ള സെക്ഷൻ ഓഫീസർമാരിൽ നിന്നും ലഭിക്കുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിയമനം നല്കുന്നത്. മേൽപ്പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകളിൽ നിലവിൽ ഭേദഗതികൾ വരുത്തേണ്ട സാഹചര്യമുണ്ടോ എന്ന് പരിശോധിച്ച് വരുന്ന നം.ഭരണം-എ1/143/2023-ധന നമ്പർ ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗമായി പ്രവർത്തിച്ച് വരുന്ന ജില്ലാ പരിശോധനാ വിഭാഗത്തിലേയ്ക്കുള്ള നിയമനം സർക്കാർ |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം / നിയമന വ്യവസ്ഥകളുടെ പരിധിയിൽ വരുന്നതല്ല. ധനകാര്യ വകുപ്പിനുള്ളിൽ സെക്ഷൻ ഓഫീസർമാർക്ക് ചുമതലമാറ്റം നല്കുന്നത് പോലെയാണ് ജില്ലാ ധനകാര്യ പരിശോധനാ ഓഫീസറുടെ ചുമതല നല്കി വരുന്നത്. ആയതിനാൽ തന്നെ ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ